# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

02.07.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5220

## പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശകൾ

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. ടി.എം. തോമസ് ഐസക്ക്<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. ഹംസ<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും ഫണ്ടുകൾ സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട ഡോ. പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശ എന്തായിരുന്നു; ഇത് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് എത്രത്തോളം ഗുണകരമാവുമെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കുമോ; | (എ) സർക്കാർ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്ന വിഷയം ബക്ഷി കമ്മിറ്റിയുടെ പഠന വിഷയങ്ങളിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ ബക്ഷി കമ്മിറ്റി റിപ്പോർട്ടിൽ കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്ക് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതിയിൽ സംസ്ഥാന സഹകരണ ബാങ്കുകളുടെയും ജില്ലാ സഹകരണ ബാങ്കുകളെയും ഉൾപ്പെടുത്തണമെന്നും സർക്കാരിന്റെയും ഏജൻസികളുടെയും നിക്ഷേപങ്ങൾ 7% മൂലധന പര്യാപ്തത ഉള്ളതും കോർ ബാങ്കിംഗ് ഉള്ളതുമായ സംസ്ഥാന സഹകരണ ബാങ്കുകളിലും ജില്ലാ സഹകരണ ബാങ്കുകളിലും നിക്ഷേപിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിൽ സംസ്ഥാന സഹകരണ ബാങ്കിനും 7 ജില്ലാ സഹകരണ ബാങ്കുകൾക്കും 7% മൂലധന പര്യാപ്തത ഇല്ലാത്തതിനാൽ ബക്ഷി കമ്മിറ്റിയുടെ ശുപാർശ പൂർണ്ണമായും ഗുണകരമാകില്ല എന്നതാണ് സർക്കാർ നിലപാട്. |
| (ബി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കാൻ ഇടയുള്ള ബക്ഷി | (ബി) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കാൻ ഇടയുള്ള പ്രധാന നിർദ്ദേശങ്ങൾ |

| | |
|---|---|
| കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഏതെല്ലാമാണെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കുമോ; | ചുവടെ ചേർക്കുന്നു.<br>1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടൻസായി പ്രവർത്തിക്കണം.<br>2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം എടുക്കണം. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗത്വം എടുക്കണം.<br>3. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്ക് വേണ്ടി നിക്ഷേപ വായ്പ ഇടപാടുകൾ നടത്തുകയും, ഇതിലേയ്ക്കായി ഏജൻസി ഫീസ് കൈപ്പറ്റാവുന്നതുമാണ്.<br>4. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സർക്കാർ ഓഹരി മൂലധനം ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റണം.<br>5. ഷെയർ ലിങ്കേജ്, നിക്ഷേപം നടത്തുക, ഡിവിഡന്റ് നൽകുക എന്ന കാര്യങ്ങളിൽ ബാങ്കുകൾക്ക് സ്വന്തമായി തീരുമാനം കൈക്കൊള്ളാൻ കഴിയുന്ന വ്യവസ്ഥ സംസ്ഥാന സഹകരണ നിയമങ്ങളിൽ ഉൾപ്പെടുത്തണം.<br>ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കത്തക്കതല്ലെന്നാണ് സർക്കാരിന്റെ നിലപാട്. |
| (സി) റിപ്പോർട്ടിന്മേൽ സംസ്ഥാന സർക്കാർ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) പ്രകാശ് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കത്തക്കതല്ലെന്ന് വകുപ്പ് മന്ത്രി എന്ന നിലയിൽ 12.02.2013 ലെ കത്ത് മുഖേന കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |
| (ഡി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്കിംഗ് ഇടപാടുകൾ നടത്താൻ റിസർവ് ബാങ്ക് ലൈസൻസിന് അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിരുന്ന അവസാന തീയതിക്കുള്ളിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിരുന്നുവെന്നും അപേക്ഷ | (ഡി) ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 10 സർവീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ ഇതുവരെ 18 പ്രാഥമിക സഹകരണ സംഘങ്ങൾ സഹകരണ സംഘം രജിസ്ട്രാർ മുഖേന റിസർവ് ബാങ്ക് ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്.<br>പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം 2012, 18.01.2013 ന് പ്രാബല്യത്തിൽ വരുകയുണ്ടായി. പ്രസ്തുത നിയമ |

| | |
|---|---|
| നൽകാത്ത സംഘങ്ങൾക്ക് വായ്പ സ്വീകരിക്കാൻ പറ്റാത്ത സാഹചര്യം സംജാതമാകുന്നത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | പ്രകാരം റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ സംഘങ്ങൾക്ക് മാത്രമേ ബാങ്കിംഗ് റെഗുലേഷൻ ആക്ട് വിവക്ഷിച്ചിട്ടുള്ള വിധത്തിൽ ബാങ്കിംഗ് ഇടപാടുകൾ നടത്താൻ അനുവാദമുള്ളൂ. ബാങ്കിംഗ് നിയമ ഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്ന അന്നോ, അതിന് മുമ്പോ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കാകുന്നതിനുള്ള മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുള്ള ഓരോ പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും മൂന്ന് മാസത്തിനകം റിസർവ് ബാങ്കിന് ലൈസൻസിനായി അപേക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഇപ്രകാരം പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കാകുന്നതിന് മാനദണ്ഡങ്ങൾ കൈവരിക്കുന്ന പ്രൈമറി, ക്രെഡിറ്റ് സംഘങ്ങൾക്ക്, റിസർവ് ബാങ്ക് ലൈസൻസിന് അപേക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ (എൻട്രി പോയിന്റ് നോംസ്) കൈവരിക്കുന്ന മുറയ്ക്ക് റിസർവ് ബാങ്കിന് ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ നൽകാത്ത സംഘങ്ങൾക്ക് വായ്പ സ്വീകരിക്കാൻ പറ്റാത്ത സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ